(എ) പത്തനംതിട്ട ജില്ലയിൽ കോന്നി പഞ്ചായത്തിൽ 7-ാം വാർഡിലെ താവളപ്പാറ ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണത്തിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതിക്കുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(ഇ) രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രസ്തുത പ്രദേശത്ത് ശുദ്ധജലമെത്തിക്കാൻ കഴിയുന്ന താവളപ്പാറ പദ്ധതിയുടെ പണി ഈ വർഷം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോന്നി പഞ്ചായത്തിലെ താവളപ്പാറക്കും കൂടി പ്രയോജനം ലഭിക്കുന്ന കോന്നിത്താഴം വാട്ടർ സ്പ്ലൈ സ്കീം രൂപകല്പന ചെയ്ത് വരുന്നു. ഈ പദ്ധതി എൽ.ഐ.സി. യുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഉണ്ട്.

(സി) ഇത് പരിഗണിച്ചാണ് കോന്നിത്താഴം ശുദ്ധജലവിതരണ പദ്ധതിക്ക് രൂപം നൽകി വരുന്നത്.

(ഡി) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു വേണ്ട സർവ്വേ നടന്നു വരുന്നു.

(ഇ) വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയശേഷം എൽ.ഐ.സി. യിൽ നിന്നും വായ്പ ലഭ്യമാക്കേണ്ടതുണ്ട്. ഡിസംബർ മാസത്തിൽ സ്വീകരിക്കപ്പെടുന്ന അപേക്ഷയ്ക്ക് അടുത്ത മാർച്ച് മാസത്തോടെ അംഗീകാരം ലഭിക്കും. അതിന്ശേഷം ദർഘാസ് മുഖേന കോൺട്രാക്ട് ഉറപ്പിച്ച ശേഷം മാത്രമേ പണി ആരംഭിക്കാൻ സാധിക്കുകയുള്ളു. 2000 ഡിസംബറിൽ ഇപ്രകാരം അപേക്ഷ നൽകുന്നതിന് വേണ്ട നടപടി സ്വീകരിച്ച് വരുന്നു.

വാമനപുരം പദ്ധതി

30(933) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദീർഘകാലമായി ചർച്ച നടന്നു വരുന്ന വാമനപുരം പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിയുടെ പ്രയോജനം എത്ര വില്ലേജുകൾക്ക് ലഭിക്കുമെന്നും അവ ഏതെല്ലാം എന്നും വ്യക്തമാക്കാമോ ;

(സി) പദ്ധതി പ്രദേശങ്ങളിൽ ഒറ്റൂർ, മണലൂർ, ചെറുന്നിയൂർ, ചെമ്മരുതി പഞ്ചായത്തുകൾ കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പദ്ധതി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പദ്ധതിയുടെ പണി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

(ബി) ഈ പദ്ധതിയുടെ താഴെപ്പറയുന്ന 32 വില്ലേജുകൾക്ക് ലഭിക്കുന്നതാണ്.

1.	വിതുര	2.	തൊളിക്കോട്
3.	ഉഴമലയ്ക്കൽ	4.	വെള്ളനാട്
5.	ആര്യനാട്		
6.	ആര്യനാട്(എ),ആര്യനാട് (ബി)		
7.	നെടുമങ്ങാട്	8.	കരിപ്പൂർ
9.	വെമ്പായം	10.	തേക്കട
11.	കരകുളം	12.	വട്ടപ്പാറ
13.	പുല്ലമ്പാറ	14.	മാണിക്കൽ
15.	നെല്ലനാട്	16.	മുദാക്കൽ
17.	കീഴ്വലം	18.	കുന്തല്ലൂർ
19.	ആറ്റിങ്ങൽ	20.	ഇടയ്ക്കോട്
21.	അവനവഞ്ചേരി	22.	ഇളവ
23.	ശാർക്കര	24.	മേൽത്തോന്നക്കൽ
25.	പാങ്ങപ്പാറ	26.	അയിരുപ്പാറ
27.	വെയിലൂർ	28.	അണ്ടൂർക്കോണം
29.	ആറ്റിപ്ര	30.	പള്ളിപ്പുറം
31.	കീഴ്ത്തോന്നക്കൽ	32.	ഉളിയാഴത്തുറ.

(സി) ഈ പഞ്ചായത്തുകൾ താരതമേന്യ ഉയർന്ന പ്രദേശത്തായതിനാൽ ഇപ്പോൾ വിഭാവനം ചെയ്ത കനാൽ ശൃംഖല വഴി ഈ പഞ്ചായത്തുകളിൽ ജലമെത്തിക്കുവാൻ സാധിക്കുകയില്ല.

(ഡി) നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങി അഞ്ച് വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly